**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2030** **06-07-2022 - ൽ മറുപടിയ്ക്ക്**

**ദളിത് ബാലികയുടെ ദുരൂഹ മരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോന്നിയിലെ ശബരി ബാലികാ സദനത്തിൽ സൂര്യസുനിൽ എന്ന ദളിത് ബാലിക ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് ബാലികാ സദനം നടത്തിപ്പുകാരുടെ പങ്ക് ഉൾപ്പെടെ അന്വേഷണ വിധേയമാക്കി നടപടി സ്വീകരിക്കുമോ; | (എ) | കോന്നിയിലെ ശബരി ബാലികാ സദനത്തിൽ സൂര്യസുനിൽ എന്ന കുട്ടിയുടെ അസ്വാഭാവിക മരണവുമായി ബന്ധപ്പെട്ട് കോന്നി പോലീസ് സ്റ്റേഷൻ ക്രൈം.നം. 475/2022 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണത്തിൽ 376(2) (n) IPC & Sec 5(1) r/w 6 of POCSO Act പ്രകാരമുള്ള കുറ്റകൃത്യം നടന്നതായി വെളിവായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സെക്ഷൻ കൂടി ഉൾപ്പെടുത്തി അന്വേഷണം നടത്തി വരികയാണ്. കേസിലെ പ്രതിയെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും മരണകാര്യത്തിൽ ബാലികാ സദനം നടത്തിപ്പുകാർക്കോ മറ്റാർക്കെങ്കിലുമോ പങ്കുണ്ടോ എന്നും തിരിച്ചറിയുന്നതിന് കൂടുതൽ അന്വേഷണം ആവശ്യമാണ്. |
| (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാലികാ സദനങ്ങളിലെ അന്തേവാസികൾക്ക് നേരെയുള്ള പീഡനങ്ങളും വർദ്ധിച്ചുവരുന്ന ദുരൂഹ മരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | 2019 മുതലുള്ള കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കാണുന്നില്ല<br><br>ബാലികാ സദനങ്ങളിലെ ഇത്തരത്തിലുള്ള നടപടികൾ ഇല്ലായ്മചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന ബാലികാ സദനങ്ങളിലെല്ലാം തന്നെ ജനമൈത്രി ബീറ്റ് ഓഫീസർമാരും, വനിതാ സെല്ലിലെ പോലീസ് ഉദ്യോഗസ്ഥരും സന്ദർശനം നടത്തുകയും അവിടെ താമസിക്കുന്ന കുട്ടികളുടെ പ്രശ്നങ്ങളെ കുറിച്ച് അന്വേഷിക്കുകയും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ചെയ്തു വരുന്നു. ബാലികാ സദനങ്ങളുടെ പ്രവർത്തനം വിലയിരുത്തുകയും ഏതെങ്കിലും തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതുമാണ്. കൂടാതെ കൃത്യമായ ഇടവേളകളിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുമായി സഹകരിച്ച് ജില്ലയിലെ അനാഥാലയങ്ങൾ പരിശോധിക്കുകയും നിയമവിരുദ്ധ നടപടികൾ ശ്രദ്ധയിൽപെട്ടാൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ